**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 659** **29.01.2019-ൽ മറുപടിക്ക്**

## പ്രളയാനന്തര വിനോദസഞ്ചാര മേഖല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. വി. ആർ. സുനിൽകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഗ്രസിച്ച മഹാപ്രളയം കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ പടർത്തിയ കരിനിഴൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ ഗ്രസിച്ച മഹാപ്രളയത്തിനുശേഷം കേരളത്തിന്റെ വിനോദസഞ്ചാര മേഖല മെച്ചപ്പെട്ട് വരുന്നതായി കാണുന്നു. |
| ബി) കേരളത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വരുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിലും, ഹോട്ടലുകളിലെയും മറ്റും മുറികൾ ഉപയോഗിക്കുന്ന കാര്യത്തിലും വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ടോ; | ബി) 2018 ആഗസ്റ്റ് മുതൽ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. |
| സി) പ്രധാന വിനോദസഞ്ചാര മേഖലയായ ജല ടൂറിസവും, ഹൗസ് ബോട്ട് മേഖലയും പ്രളയാനന്തരം ഗണ്യമായ | സി) ജല ടൂറിസവും ഹൗസ്ബോട്ട് മേഖലയും പ്രധാന ആകർഷകങ്ങളായ ആലപ്പുഴ ജില്ലയിൽ പ്രളയം സംഭവിച്ച ആഗസ്റ്റ് മാസത്തിലും തുടർന്നുള്ള സെപ്റ്റംബർ മാസത്തിലും വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ നെഗറ്റീവ് വളർച്ച |

| | |
|---|---|
| പുരോഗതി കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുടർന്നുള്ള മാസങ്ങളിലെ വളർച്ചാനിരക്കിൽ കാണിക്കുന്ന വർദ്ധനവ് പ്രസ്തുത മേഖലയിൽ പുരോഗതി നേടാൻ സാധിച്ചു എന്ന് സൂചിപ്പിക്കുന്നു. |
| ഡി) പ്രളയാനന്തരം കേരള വിനോദ സഞ്ചാരമേഖലയെ കൈപിടിച്ചുയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | ഡി) പ്രളയം മൂലം സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലുണ്ടായ നഷ്ടം പരിഹരിക്കാൻ വിവിധ കർമ്മ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>പ്രളയത്തിന്റെ കെടുതിയിൽ നിന്നും ഉയർത്തെഴുന്നേൽക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. "Post Flood Campaign" എന്ന ലേബലിൽ 'Its time for Kerala' എന്ന പേരിൽ രാജ്യത്തിനകത്ത് ടി.വി, റേഡിയോ, സിനിമാ തീയേറ്ററുകൾ, എയർപോർട്ടുകൾ കേന്ദ്രീകരിച്ച് പരസ്യ പ്രചാരണം നടത്തിക്കഴിഞ്ഞു. മാത്രമല്ല രാജ്യത്തെ വിവിധ പത്ര /മാസികകളിൽ പ്രിന്റ് ക്യാമ്പയിനും നടത്തി. ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുത്തു വരുന്നു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന ട്രേഡ് ഫെയറു കളിലും, പാർട്ട്ണർഷിപ്പ് മീറ്റുകളിലും "Its Time for Kerala" എന്ന പേരിൽ മികച്ച ബോധവൽക്കരണ പ്രവർത്തന ങ്ങൾ നടത്തി കഴിഞ്ഞു. 2019 ജനുവരി മുതൽ IITI Mumbai, SATE Delhi, TTF Chennai, Bangalore, ITM Goa, IITE Bhuvaneswar, Nagpur എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിലും, ജലന്ധർ, ഡൽഹി, ബോംബെ, ജയ്പൂർ, ചെന്നൈ, മധുരൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

പ്രളയാനന്തരം സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ട് വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകി ക്കഴിഞ്ഞു. കേരളാ ട്രാവൽ മാർട്ട് ഇന്ത്യയിലെ വിനോദ സഞ്ചാര മേഖലയിലെ ഏറ്റവും വലിയ മേളകളിൽ ഒന്നാണ്. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് കേരളാ ട്രാവൽ മാർട്ട് നൽകുന്ന സംഭാവന എടുത്തു പറയേണ്ടതാണ്. ഈ വർഷത്തെ കേരളാ ട്രാവൽ മാർട്ട് വകുപ്പിന്റെ സ്പോൺസർഷിപ്പോടുകൂടി സെപ്റ്റംബർ 27 മുതൽ 30 വരെ കൊച്ചിയിൽ വെച്ച് നടന്നു. പ്രസ്തുത മേളയിൽ കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ട് ഓപ്പറേറ്റേഴ്സ്, റിസോർട്ടുകൾ തുടങ്ങിയ സംരംഭകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ എത്തിയിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും ടൂറിസം മേഖലയിലെ സംരംഭകർ പങ്കെടുക്കുകയും കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങളെ പരിചയ പ്പെടുത്തുകയും ചെയ്തു. ഈ വർഷത്തെ കേരള ട്രാവൽ മാർട്ടിൽ 320 സ്റ്റാളുകൾ ഉണ്ടായിരുന്നു. ഇന്ത്യയിൽ നിന്നും ഏതാണ്ട് 1653 ടൂർ ഓപ്പറേറ്റർമാരും, 66 വിദേശ രാജ്യങ്ങളിൽ നിന്നുള്ള 545 ടൂർ ഓപ്പറേറ്റർമാരും പങ്കെടുത്തു.

പ്രളയാനന്തര കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ട് വളരെ വലിയ പങ്കാണ് വഹിച്ചത്.

പ്രളയ തകർച്ച മറികടക്കാൻ വരും മാസങ്ങളിൽ വടക്കേ അമേരിക്ക/യൂറോപ്പ്/സിംഗപ്പൂർ/ദുബായ് എന്നിവിടങ്ങളിൽ പരസ്യ പ്രചരണം നടത്താനും വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനു പുറമേ വിദേശ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകൾ/പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. നെതർലാന്റ്സ്, മാഡ്രിഡ്, മിലാൻ, ടെൽ അവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ജക്കാർത്ത, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചലസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ട്രേഡ് ഫെയറുകൾ/പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പ്രളയത്തിന്റെ ഭാഗമായി സംസ്ഥാന വിനോദ സഞ്ചാര മേഖലയിൽ സംഭവിച്ച തളർച്ച മറികടക്കാനായി വകുപ്പ് എടുത്ത അടിയന്തര നടപടികളാണ്.

പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000/-രൂപ

3. മൺട്രോതുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി

ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം

- 9,94,446/-രൂപ

4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക്

- 43,22,030/-രൂപ

സെക്ഷൻ ഓഫീസർ